# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിയാറ്

## ദിവ്യത്വത്തെ മനുഷ്യത്വത്തോട് ഇഴുകിച്ചേർക്കുവാനുള്ള ആത്മാവിന്റെ വേല

## (1)

യോഹന്നാൻ 14-ഉം 15-ഉം സംബന്ധിച്ച് നമുക്ക് വ്യക്തമായ ഗ്രാഹ്യമുണ്ടെങ്കിൽ, യോഹന്നാൻ 16 മനസ്സിലാക്കുവാൻ എളുപ്പമായിരിക്കും. അടിസ്ഥാപരമായി ഈ അദ്ധ്യായത്തിൽ പുതുതായി യാതൊന്നും ഇല്ല. മുമ്പിലത്തെ രണ്ട് അദ്ധ്യായങ്ങളിൽ പ്രധാന തത്ത്വങ്ങൾ കർത്താവ് സമഗ്രമായി വിവരിച്ചു കഴിഞ്ഞു. ഈ മൂന്നു അദ്ധ്യായങ്ങളും വായിക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്താൽ കർത്താവ് സ്വയം ആവർത്തിക്കുന്നതായി തോന്നും. ഭാഷണരീതികൾ മാറിയിട്ടുണ്ടെങ്കിലും, അടിസ്ഥാന തത്ത്വങ്ങൾ അപ്പോഴും ഒന്നുതന്നെയാണ്. അതുകൊണ്ട് പതിനാറാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ, മുമ്പിലത്തെ അദ്ധ്യായങ്ങളിൽ കർത്താവ് കൈകാര്യം ചെയ്ത പ്രധാന തത്ത്വങ്ങൾ നാം ഓർക്കണം. പതിനാറാം അദ്ധ്യായത്തിലേക്ക് വരുന്നതിനുമുമ്പ് ഈ തത്ത്വങ്ങൾ നമുക്ക് പുനരവലോകനം ചെയ്യാം.

ഒന്നാമത്തെ തത്ത്വം കർത്താവിന് പോകണം എന്നതായിരുന്നു. അതായത്, അവൻ മരിക്കുകയും ഉയിർക്കുകയും ചെയ്യണമായിരുന്നു. അവന്റെ പോക്കിന്റെ അർത്ഥം ശിഷ്യന്മാരെ വിട്ട് പോകുക എന്ന് ആയിരുന്നില്ല. അവന്റെ പോക്ക് അവന്റെ വരവായിരുന്നു; മറ്റൊരു പടിയിൽ അവൻ വരുകയായിരുന്നു. മരിക്കുകയും ഉയിർക്കുകയും ചെയ്തുകൊണ്ട്, അവൻ തന്റെ വരവിനുള്ള മറ്റൊരു പടി എടുക്കുകയായിരുന്നു. അവന് നമ്മോടൊപ്പവും നമ്മുടെയിടയിലും ആയിരിക്കത്തക്കവണ്ണം കർത്താവിന്റെ വരവിന്റെ ഒന്നാമത്തെ പടി ജഡാവതാരമായിരുന്നു. എന്നാൽ ആ സമയത്തും അവന് നമ്മിലേക്ക് വരുവാൻ കഴിയുമായിരുന്നില്ല. നമ്മോട് ബന്ധപ്പെടുന്നതിന് നിത്യനായ ദൈവം ഒരു മനുഷ്യനായിത്തീർന്ന മാർഗ്ഗമായിരുന്നു അവന്റെ ഒന്നാമത്തെ പടിയായ ജഡാവതാരം. എന്നാൽ അവന് നമ്മിലേക്ക് വരു

വാനും നമ്മോട് ഇഴുകിച്ചേരുവാനും കഴിയുന്നതിനു മുമ്പ് രണ്ടാമത് ഒരു പടി ആവശ്യമായിരുന്നു. ആ പടി അവന്റെ മരണവും പുനരുത്ഥാനവുമായിരുന്നു. മരണത്താലും പുനരുത്ഥാനത്താലും അവൻ ജഡത്തിൽനിന്ന് ആത്മാവായി കായാന്തരപ്പെട്ടു. നമ്മോടുകൂടെയും നമ്മുടെ ഇടയിലും ആയിരിക്കുവാൻ അവൻ വന്ന രൂപമായിരുന്നു അവന്റെ ജഡം. എന്നാൽ നമ്മിലേക്ക് വരുന്നതും നമ്മോട് ഇഴുകിച്ചേരുന്നതുമായ അവന്റെ വ്യത്യസ്ത രൂപമാണ് ആത്മാവ്. പതിനാലും പതിനഞ്ചും അദ്ധ്യായങ്ങളിൽ കർത്താവ് കൈകാര്യം ചെയ്ത ആദ്യത്തെ പ്രധാന കാര്യം ഇതാണ്.

രണ്ടാമത്തെ പ്രധാന തത്ത്വം കർത്താവിന് പുനരുത്ഥാനത്തിൽ യാഥാർത്ഥ്യത്തിന്റെ ആത്മാവായി മടങ്ങിവരേണ്ടതിന് അവൻ മരണത്തിലൂടെ കടന്നുപോയി എന്നതാണ്. കർത്താവ് ആയിരിക്കുന്നതെല്ലാം ആത്മാവിനാൽ അനുഭവിച്ചറിയുവാൻ കഴിയും. ആത്മാവില്ലാതെ കർത്താവിനെ സംബന്ധിച്ച പഠിപ്പിക്കലുകളും ഉപദേശങ്ങളും എഴുത്തുകളും മാത്രമാണ് നമുക്കുള്ളതെങ്കിൽ, നമുക്ക് യാഥാർത്ഥ്യം ഉണ്ടായിരിക്കില്ല. കർത്താവിനെ സംബന്ധിച്ച ഉപദേശപരമായ പഠിപ്പിക്കലുകൾ യാഥാർത്ഥ്യമല്ല. കർത്താവിന്റെ യാഥാർത്ഥ്യം പരിശുദ്ധാത്മാവും, പരിശുദ്ധാത്മാവ് കർത്താവിന്റെ യാഥാർത്ഥ്യവുമാണ്. ഉദാഹരണത്തിന്, കർത്താവ് ജീവനാണെന്ന് നമുക്കറിയാം. എന്നാൽ നമുക്ക് പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ, നമുക്കൊരിക്കലും ജീവൻ ഉണ്ടായിരിക്കുകയില്ല. പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ യാഥാർത്ഥ്യമാകയാൽ, പരിശുദ്ധാത്മാവ് ഉള്ളതിനാൽ നമുക്ക് ക്രിസ്തുവിന്റെ യാഥാർത്ഥ്യം ഉണ്ടായിരിക്കും. അപ്പോൾ നമുക്ക് ജീവൻ ഉണ്ട്. കൂടാതെ, കർത്താവ് വെളിച്ചമാണെന്ന് നമുക്കറിയാം. പരിശുദ്ധാത്മാവിനെ ലഭിക്കുക എന്നാൽ വെളിച്ചം ലഭിക്കുക എന്നതാണ്. പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ, നമുക്ക് വെളിച്ചമില്ല. കർത്താവ് വഴിയുമാണ്. പരിശുദ്ധാത്മാവുണ്ടെങ്കിൽ, നമുക്ക് വഴിയുണ്ടായിരിക്കുകയും എല്ലാ കാര്യങ്ങളും ചെയ്യേണ്ടതെങ്ങനെയെന്ന് നാം അറിയുകയും ചെയ്യും. എന്നാൽ, നമുക്ക് പരിശുദ്ധാത്മാവില്ലാതെ, ഉപദേശപരമായ പഠിപ്പിക്കലുകൾ മാത്രമാണുള്ളതെങ്കിൽ, നമുക്ക് യഥാർത്ഥ വഴി ഉണ്ടായിരിക്കുകയില്ല. ക്രിസ്തുവിന്റെ യാഥാർത്ഥ്യം പരിശുദ്ധാത്മാവിലാണ് പരിശുദ്ധാത്മാവ് യാഥാർത്ഥ്യത്തിന്റെ ആത്മാവാണ്. യാഥാർത്ഥ്യത്തിന്റെ ആത്മാവിന്റെ വരവ് ക്രിസ്തുവിന്റെ യാഥാർത്ഥ്യത്തിന്റെ വരവാണ്.

യോഹന്നാൻ 14-ലെയും 15-ലെയും മൂന്നാമത്തെ അടിസ്ഥാനതത്ത്വം പരസ്പരനിവാസമാണ്. യാഥാർത്ഥ്യത്തിന്റെ ആത്മാവായുള്ള ക്രിസ്തുവിന്റെ വരവിനാൽ, അവൻ നമ്മിൽ വസിക്കുകയും നാം അവനിൽ വസിക്കുകയും ചെയ്യും. അങ്ങനെ, അവനും നാമും, നാമും അവനും, ഒരു പരസ്പരനിവാസമാകും. ആത്മാവായി പുത്രനിൽ പിതാ

വിന് നാം വാസസ്ഥലമാകുകയും ചെയ്യും. നമുക്ക് ത്രിയേകദൈവത്തിലും ത്രിയേകദൈവത്തിന് നമ്മിലും വസിക്കുവാൻ കഴിയും. ഇപ്രകാരം, ത്രിയേകദൈവം തന്നെത്തന്നെ നമ്മോട് ഇഴുകിച്ചേർക്കുന്നു. മനുഷ്യത്വവും ദിവ്യത്വവും, ദിവ്യത്വവും മനുഷ്യത്വവും ഒരുമിച്ച് ഒന്നായി ഇഴുകിച്ചേരുന്നു. ഈ രണ്ട് അദ്ധ്യായങ്ങളുടെ കേന്ദ്രചിന്ത ഇതാണ്. വാസ്തവത്തിൽ, ദിവ്യോപദേശത്തിന്റെ കേന്ദ്രചിന്ത, അടിസ്ഥാന തത്ത്വം ഇതാണ്. ആകമാന പ്രപഞ്ചത്തിന്റെ മർമ്മം ഇതാണ്.

ദിവ്യത്വം മനുഷ്യത്വവുമായി ഇഴുകിച്ചേരുന്നു എന്ന ഈ കാര്യം കാണുവാൻ അനേക സഹോദരീസഹോദരന്മാർക്ക് പ്രയാസമാണ്. വിശുദ്ധന്മാർക്ക് ഇത് വെളിപ്പെടുത്തിക്കൊടുക്കേണ്ടതിന് നിരന്തരം ഞാൻ പ്രാർഥിക്കുകയും കർത്താവിലേക്ക് നോക്കുകയും ചെയ്തിട്ടുണ്ട്. ദൈവം മനുഷ്യനുമായി ഇഴുകിച്ചേരുക എന്ന ചിന്ത മനുഷ്യധാരണയ്ക്ക് വിരുദ്ധമാണ്. ഈ മർമ്മം കാണുവാനായി നമ്മുടെ ആത്മാവിന്റെയും ഹൃദയത്തിന്റെയും മനസ്സിന്റെയും കണ്ണുകൾ തുറക്കുന്നതിനു മുമ്പ് കുറച്ച് വെളിപ്പാടും സ്വർഗ്ഗീയ ദർശനവും ആവശ്യമാണ്. മനുഷ്യത്വവുമായുള്ള ദൈവത്തിന്റെ ഇഴുകിച്ചേരൽ എന്ന ഈ മർമ്മം നിങ്ങൾ ഉണ്ട് എന്നതിനെക്കാൾ യഥാർഥമാണ്. യോഹന്നാൻ 14 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളുടെ കേന്ദ്രീയവും അടിസ്ഥാനപരവുമായ ചിന്ത ഇതാണ്. ഈ മൂന്ന് അദ്ധ്യായങ്ങളിലും കർത്താവ് പ്രധാനമായും ഈ ഒരു കാര്യമാണ് കൈകാര്യം ചെയ്യുന്നത്: തന്നെത്താൻ നമ്മോട് ഇഴുകിച്ചേരുവാനും നമ്മെ അവന്റെ വാസസ്ഥലമാക്കുവാനും അവനെ നമ്മുടെ വാസസ്ഥലമാക്കുവാനും പിതാവ് പുത്രനിൽ ആത്മാവായി നമ്മിലേക്ക് വരുന്നു.

കർത്താവ് എനിക്ക് ആദ്യമായി ഇത് കാണിച്ചുതന്നപ്പോൾ, എനിക്ക് ത്രിയേകദൈവത്തെ ലഭിച്ചുവെന്നും അവൻ എന്നോട് ഇഴുകിച്ചേർന്നുവെന്നും ബോദ്ധ്യപ്പെട്ടതിനാൽ ഞാൻ വളരെ ആവേശഭരിതനായി. ഇതാണ് ദൈവവ്യവസ്ഥ. ഇതൊരു മതമോ ഉപദേശപരമായ പഠിപ്പിക്കലോ അല്ല; ഇത് മനുഷ്യത്വവുമായി ഇഴുകിച്ചേർന്ന ത്രിയേകദൈവമാണ്. യോഹന്നാന്റെ സുവിശേഷത്തിലെ ഈ മൂന്ന് അദ്ധ്യായങ്ങൾ, ദൈവവ്യവസ്ഥ എന്താണെന്ന് നമുക്ക് വെളിപ്പെടുത്തിത്തരുന്നു. അത് പിതാവ് പുത്രനിൽ ആത്മാവായി നമ്മിലേക്ക് വരുകയും തന്നെത്താൻ നമ്മോട് ഇഴുകിച്ചേരുകയും ചെയ്യുന്നു എന്നതാണ്. നമ്മിൽ ആഴത്തിൽ മതിപ്പുളവാകുംവരെ ഈ അടിസ്ഥാനതത്ത്വം വീണ്ടും വീണ്ടും ആവർത്തിച്ചു പറയേണ്ടത് ആവശ്യമാണ്.

## I. പുത്രന്റെ പോക്ക് ആത്മാവിന്റെ വരവിനുവേണ്ടി

"ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ ആശ്വാസപ്രദായകൻ നിങ്ങളുടെ അടുക്കൽ വരുകയില്ല; ഞാൻ പോയാൽ അവനെ

നിങ്ങളുടെ അടുക്കൽ അയയ്ക്കും," എന്ന് 7-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. പുത്രൻ പോകുന്നത് ആത്മാവിന്റെ വരവിനുവേണ്ടിയായിരുന്നു. അവൻ പോകുന്നില്ലെങ്കിൽ ആത്മാവ് വരുകയില്ലെന്ന് അവൻ പറഞ്ഞു. ഈ വാക്യത്തിൽ പരാമർശിച്ചിരിക്കുന്ന കർത്താവിന്റെ പോക്ക് 20:17-ലെ ആരോഹണത്തിൽ അത്യന്തികമായി നിറവേറി.

## A. പുത്രൻ ജഡത്തിൽ പോകുന്നു

പുത്രൻ ഈ വാക്കുകൾ സംസാരിച്ചപ്പോൾ, അവൻ ജഡത്തിൽ തന്നെ ആയിരുന്നു. പുനരുത്ഥാനത്തിൽ ആത്മാവായി കായാന്തരപ്പെടുവാനായി പിന്നെ അവൻ ജഡത്തിൽ മരണത്തിലേക്ക് പോയി.

## B. വേറൊരു ആശ്വാസ പ്രദായകനായിരിക്കുവാൻ പുത്രൻ ആത്മാവായി വരുന്നു

പുത്രൻ ജഡത്തിൽ മരണത്തിലേക്ക് പോയി, എന്നാൽ പുനരുത്ഥാനത്തിൽ അവൻ ആത്മാവായി തിരികെ വന്നു(1 കൊരി.15:45). മറ്റൊരു ആശ്വാസപ്രദായകനായിരിക്കുവാൻ അവൻ ആത്മാവായി വന്നു. നമുക്കുവേണ്ടി വീണ്ടെടുപ്പു നിറവേറ്റുവാൻ വീണ്ടെടുപ്പുകാരനായി അവൻ മരണത്തിലൂടെ കടന്നുപോയി. എന്നാൽ നമുക്ക് ജീവനായി തന്നെത്തന്നെ പകരുവാൻ അവൻ പുനരുത്ഥാനത്തിൽ ആത്മാവായി വന്നു.

## C. പുത്രൻ ആശ്വാസപ്രദായകനെ അയക്കുന്നത് ആശ്വാസപ്രദായകനായുള്ള പുത്രന്റെ വരവായിരുന്നു

പുത്രൻ ആശ്വാസപ്രദായകനെ അയയ്ക്കുന്നത് ആശ്വാസപ്രദായകനായുള്ള അവന്റെ വരവായിരുന്നു. അവന്റെ അയയ്ക്കൽ അവന്റെ വരവായിരുന്നു. അതായത്, മറ്റൊരു ആശ്വാസപ്രദായകനായി വരുവാൻ അവൻ തന്നെത്തന്നെ മറ്റൊരു രൂപത്തിൽ അയച്ചു. ഇത് ശ്രേഷ്ഠവും അതിശയകരവും എന്നാൽ മാർമ്മികവുമാണ്. കർത്താവ് അവനെത്തന്നെ അയച്ചു എന്ന് എനിക്കെങ്ങനെ പറയുവാൻ കഴിയും എന്നു ചോദിച്ചുകൊണ്ട് ചില പ്രിയ ക്രിസ്തീയ സുഹൃത്തുക്കൾ ഇതിന് എതിരാണ്. എന്റെ മറുപടിയായി, ഞാൻ നിങ്ങളോട് സെഖര്യാവ് 2:8-11 വായിക്കുവാൻ പറയും. അയച്ചവൻ ആരാണെന്നും അയക്കപ്പെട്ടവൻ ആരാണെന്നും മനസ്സിലാക്കുവാൻ ശ്രമിച്ചുകൊണ്ട് നിങ്ങൾ ഈ വചനഭാഗം വായിക്കുകയാണെങ്കിൽ, ഒടുവിൽ നിങ്ങൾ തലകുനിച്ചുകൊണ്ട് പറയും,"കർത്താവേ, നീ രണ്ടുപേരുമാണ്. നീ അയച്ചവനും അതുപോലെതന്നെ അയക്കപ്പെട്ടവനുമാണ്." മൊത്തത്തിൽ അത് സൈന്യങ്ങളുടെ കർത്താവായവൻ മാത്രമാണ്. സൈന്യങ്ങളുടെ കർത്താവായവൻ അയച്ചവനും അയക്കപ്പെട്ടവനുമാണ്.

## II. ആത്മാവിന്റെ വേല

യോഹന്നാൻ 16-ലെ നിർണ്ണായക കാര്യം ആത്മാവിന്റെ വേലയാണ്. ഈ അദ്ധ്യായം അനുസരിച്ച് ആത്മാവിന്റെ വേല മൂന്നു വിഭാഗങ്ങളിലാണ്: ലോകത്തിന് പാപബോധം വരുത്തും; പിതാവിന്റെ പൂർണ്ണതയോടുകൂടെ പുത്രനെ വിശ്വാസികൾക്ക് വെളിപ്പെടുത്തിക്കൊണ്ട് അവനെ മഹത്വപ്പെടുത്തും; വരുവാനുള്ളത് വെളിപ്പെടുത്തുകയും ചെയ്യും. യോഹന്നാന്റെ എഴുത്തുകളും മൂന്നു വിഭാഗങ്ങളിൽപെടുന്നു: സുവിശേഷം, ലേഖനങ്ങൾ, വെളിപ്പാട്. അവന്റെ സുവിശേഷം പ്രധാനമായി സുവിശേഷം പ്രസംഗിക്കുവാനും ലോകത്തിന് പാപബോധം വരുത്തുവാനുമാണ്; അവന്റെ ലേഖനങ്ങൾ പ്രധാനമായും പിതാവിന്റെ പൂർണ്ണതയോടുകൂടി പുത്രനെ വെളിപ്പെടുത്തുവാനാണ്. അവന്റെ വെളിപ്പാട് ഭാവിയിൽ വരുവാനിരിക്കുന്ന എല്ലാ കാര്യങ്ങളെയും മറനീക്കി കാണിക്കുന്ന പുസ്തകമാണ്.

### A. ലോകത്തിനു പാപബോധം വരുത്തുന്നതിന്

8-ാം വാക്യത്തിൽ ആത്മാവിനെക്കുറിച്ച് കർത്താവ് ഇങ്ങനെ പറഞ്ഞു,"അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും."ഈ മൂന്നു കാര്യങ്ങൾ ഓരോന്നും-പാപം, നീതി, ന്യായവിധി- ഒരു വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ദിവ്യവ്യക്തിയായ ദൈവത്തിനു പുറമേ മൂന്നു പ്രധാന വ്യക്തികളാണ് പ്രപഞ്ചത്തിലുള്ളത്: ആദാം, ക്രിസ്തു, സാത്താൻ. പാപം ആദാമിനോടും നീതി ക്രിസ്തുവിനോടും ന്യായവിധി സാത്താനോടും ബന്ധപ്പെട്ടിരിക്കുന്നു.

പാപം ആദാമിലൂടെ മനുഷ്യവംശത്തിൽ പ്രവേശിച്ചതിനാൽ പാപം ആദാമിനോട് ബന്ധപ്പെട്ടിരിക്കുന്നു(റോമ.5:12). നാം ആദാമിൽ പാപത്തിൽനിന്നു ജനിച്ചു. നിങ്ങൾ ആദാമിലാണ് ജനിച്ചതെങ്കിൽ നിങ്ങൾ ഒരു പാപിയായി ജനിച്ചു.

നീതി ക്രിസ്തുവിൽനിന്നു വരുകയും അതു പുനരുത്ഥാനം ചെയ്ത ക്രിസ്തുതന്നെ ആയിരിക്കുകയും ചെയ്യുന്നതുമൂലം(വാ.10; 1 കൊരി.1:30), നീതി ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നു. ആദാം പാപവും ക്രിസ്തു നീതിയും ആണ്. ആദാമിൽ നാം പാപികളും കുറ്റം ചുമത്തപ്പെട്ടവരുമാണ്; ക്രിസ്തുവിൽ നാം നീതിമാന്മാരും നീതീകരിക്കപ്പെട്ടവരുമാണ്. ആദാമിൽ നമുക്ക് പാപം പാരമ്പര്യമായി ലഭിച്ചിരിക്കുന്നു; ക്രിസ്തുവിൽ നമുക്ക് നീതി പകർന്നുകിട്ടി. നാം എങ്ങനെ പ്രവർത്തിക്കണം, അല്ലെങ്കിൽ പെരുമാറണം എന്നു ചിന്തിക്കേണ്ട ആവശ്യമില്ല. കാരണം ആദാമിൽ ആയിരിക്കുന്നിടത്തോളം നാം പാപികളും, ക്രിസ്തുവിൽ ആയിരിക്കുന്നിടത്തോളം നാം നീതി

മാന്മാരും ആണ്. ഇത് പെരുമാറ്റത്തിന്റെയോ സ്വഭാവത്തിന്റെയോ കാര്യമല്ല; ഇതു നാം എവിടെയാണ് എന്നതിന്റെ കാര്യമാണ്. ക്രിസ്തുവിൽ നാം നീതിമാന്മാരും ആദാമിൽ നാം പാപികളുമാണ്. ആദാമിൽ നാം കുറ്റം ചുമത്തപ്പെട്ടവരാണ്. എന്നാൽ ക്രിസ്തുവിൽ നാം നീതീകരിക്കപ്പെട്ടവരാണ്. പാപത്തിൽനിന്നും സ്വതന്ത്രമാകുവാനുള്ള ഏകമാർഗ്ഗം ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുക എന്നതാണ്(വാ.9). നാം അവനിൽ വിശ്വസിക്കുന്നുവെങ്കിൽ അവൻ നമുക്ക് നീതിയും നാം അവനിൽ നീതീകരിക്കപ്പെട്ടവരും ആണ് (റോമ. 3:24;4:25).

ന്യായവിധി സാത്താനോട് ബന്ധപ്പെട്ടിരിക്കുന്നു. ന്യായവിധി സാത്താനുവേണ്ടിയാണ്. ക്രിസ്തുവിൽ വിശ്വസിച്ചതിനാൽ നാം ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. എന്നാൽ നാം ക്രിസ്തുവിൽ വിശ്വസിക്കാതിരിക്കുകയും ആദാമിൽ തുടരുകയും ചെയ്താൽ, സാത്താന്റെ മേലുള്ള ന്യായവിധിയിൽ നാം പങ്കുള്ളവരാകും. കൃത്യമായി പറഞ്ഞാൽ, ദൈവത്തിന്റെ ന്യായവിധി സാത്താനുവേണ്ടിയാണ്. നിങ്ങളോ ഞാനോ മറ്റേതു മനുഷ്യനോ ന്യായവിധി അനുഭവിക്കുന്നത് കാണുവാൻ ദൈവത്തിന് താല്പര്യമില്ല. എന്നാൽ നിങ്ങൾ ആദാമിൽ തുടർന്നാൽ തത്ഫലമായി സാത്താന്റെ ന്യായവിധിയിൽ പങ്കുള്ളവരായി സാത്താനോടൊപ്പം വിധിക്കപ്പെടും. ഇതിനർഥം സാത്താനോടുള്ള കൂട്ടുകെട്ടിൽ കഴിയുവാനും അവനുമായി കഠിന ന്യായവിധി വഹിക്കുവാൻ അവനെ സഹായിക്കുവാനും നിങ്ങൾ ഏറെ താല്പര്യപ്പെടുന്നു എന്നാണ്. സാത്താനോട് അനുകമ്പ കാണിക്കുകയോ അവനോട് യാതൊരു സഹതാപവും കാണിക്കുകയോ ചെയ്യരുത്. ന്യായവിധി വഹിക്കുന്നതിൽ സാത്താനെ സഹായിക്കുവാൻ ആദാമിൽ നിലനിൽക്കരുത്. ആദാമിൽനിന്നുള്ള പാപത്തെ സംബന്ധിച്ച് അനുതപിച്ച് ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കാതെയിരുന്നാൽ നാം പാപത്തിൽ തുടരുകയും നിത്യതയോളം സാത്താന്റെ ന്യായവിധിക്ക് ഓഹരിക്കാരാവുകയും ചെയ്യും (മത്താ.25:41).

സുവിശേഷത്തിന്റെ പ്രധാന കാര്യങ്ങൾ ഇവയാണ്. ആത്മാവ് ഈ കാര്യങ്ങൾ ലോകത്തിനു ബോധം വരുത്തുന്നു. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ ആദാം, ക്രിസ്തു, സാത്താൻ എന്നീ മൂന്നു വ്യക്തികളെ ചുറ്റിപ്പറ്റി നില്ക്കണം. അകന്നു നിൽക്കുവാൻ നമുക്ക് കഴിയുകയില്ല. സുവിശേഷം പ്രസംഗിക്കുന്ന സമയത്തെല്ലാം നാം ഈ മൂന്നു വ്യക്തികളുടെ വലയത്തിലായിരിക്കും. മനുഷ്യവർഗ്ഗം മുഴുവൻ ആദാമിൽ ജനിച്ചു. എന്നാൽ എല്ലാവർക്കും ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറുവാൻ കഴിയും. എന്നാൽ നിങ്ങൾ ആദാമിൽ തുടർന്നാൽ നിങ്ങൾ സാത്താന്റെ ന്യായവിധിക്ക് ഓഹരിക്കാരാകും.

### 1. പാപത്തെ സംബന്ധിച്ച്

പാപത്തെ സംബന്ധിച്ച് ലോകത്തിന് ബോധം വരുത്തുന്ന കാര്യം മുതൽ ഈ മൂന്നു പ്രധാന കാര്യങ്ങളിൽ ഓരോന്നും കൂടുതൽ വിശദമായി നമുക്കു ചിന്തിക്കാം.

### a. പാപത്തിന്റെ സ്രോതസ്

പാപത്തിന്റെ സ്രോതസ് പിശാചാണ്. 8:44-ൽ കർത്താവ് പരീശന്മാരോട് പറയുന്നതിൽ നാം ഇതു കാണുന്നു,"നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ. നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്യുവാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോഷ്ക് പറയുമ്പോൾ സ്വന്തത്തിൽനിന്നുതന്നെ പറയുന്നു; കാരണം അവൻ ഭോഷ്ക് പറയുന്നവനും അതിന്റെ പിതാവും ആകുന്നു."പിശാച് ഭോഷക് പറയുന്നവരുടെ പിതാവ് ആകയാൽ അവനാണ് പാപത്തിന്റെ സ്രോതസ്. മനുഷ്യന്റെ ഉള്ളിലുള്ള മരണത്താലും അന്ധകാരത്താലും പാപമായി പ്രവർത്തിക്കുന്ന പിശാചിന്റെ ദുഷ്ട മൂലകം മനുഷ്യനെ പാപത്തിന് അടിമയാക്കുന്നു. അവന്റെ പ്രകൃതം ഭോഷ്കാണ്; അത് മരണത്തെയും അന്ധകാരത്തെയും കൊണ്ടുവരുന്നു.

### b. എല്ലാവരും പഴയസർപ്പമായ പിശാചിൽനിന്നു ജനിച്ചവർ

നാം എല്ലാവരും പഴയ സർപ്പമായ പിശാചിൽനിന്നു ജനിച്ചവരാണ്(8:44;വെളി.12:9). പിശാച് പാപികളുടെ പിതാവാണ്. പിശാച് പാപികളുടെ പിതാവാകയാൽ, പാപികൾ"പിശാചിന്റെ മക്കൾ"ആണ് (1യോഹ.3:10). പിശാച് പഴയ സർപ്പമാണ്(വെളി.12:9;20:2); പാപികളും "സർപ്പങ്ങൾ, അണലികളുടെ തലമുറ"ആണ്(മത്താ.23:33;3:7).

### c. എല്ലാവരും സർപ്പവിഷത്തോടുകൂടെ ജനിച്ചവർ

എല്ലാ പാപികളും പിശാചിന്റെ മക്കളായി സർപ്പത്തിന്റെ വിഷത്തോടുകൂടെ ജനിച്ചിരിക്കുന്നു(3:14). സർപ്പവിഷത്തോടുകൂടിയ സർപ്പമാണ് പിശാച്. എല്ലാ പാപികളും പിശാചിൽനിന്ന് അവന്റെ വിഷത്തോടുകൂടെ ജനിച്ചിരിക്കുന്നു. നമ്മുടെ വീണുപോയ പ്രകൃതത്തിൽ പഴയ സർപ്പത്തിന്റെ, പിശാചിന്റെ, വിഷമുണ്ട്.

### d. എല്ലാവരും ആദാമിൽ പാപത്തിൽ ജനിച്ചു

എല്ലാ പാപികളും ആദാമിൽ പാപത്തിൽ ജനിച്ചു (9:34). ഒരു പ്രത്യേക രാജ്യത്ത് ജനിച്ചവരാണ് തങ്ങളെന്ന് ആളുകൾ ഇന്ന് സാധാരണയായി പറയാറുണ്ട്. എന്നാൽ അവർ പാപത്തിൽ ജനിച്ചവരാണ് എന്നും അവർ തിരിച്ചറിയണം. പാപത്തിൽ ജനിച്ചതുകൊണ്ട് നിങ്ങൾ ജന്മനാ പാപികളാണ്. ഒരു പാപി ആകുവാൻ നാം പാപം ചെയ്യേണ്ട

ആവശ്യമില്ല. കാരണം നാം പാപികളായിത്തന്നെ ജനിച്ചു. വാസ്തവത്തിൽ, ആറായിരം വർഷമായി നാം പാപികളാണ്. ഒരു മനുഷ്യനെന്ന നിലയിൽ നിങ്ങൾക്ക് ഇരുപത്തിരണ്ട് വയസ്സേ ഉള്ളൂവെങ്കിലും ഒരു പാപിയെന്ന നിലയിൽ നിങ്ങൾക്ക് ആറായിരം വയസ്സുണ്ട്. നാമെല്ലാവരും ആദാമിൽ പാപികളായി ജനിച്ചവരായതുകൊണ്ട്, നാം വളരെ പ്രായമുള്ളവരാണ്. ചെറുപ്പക്കാരായ പാപികളില്ല. ഓരോ പാപിയും പ്രായമുള്ളവർ, ആദാമിന്റെ അത്ര പ്രായമുള്ളവർ, ആണ്.

Wed

### *e. എല്ലാവരും ശിക്ഷ വിധിക്കപ്പെട്ടവരായി ജനിച്ചു*

ആദാമിൽ പാപത്തിൽ ജനിച്ചതുകൊണ്ട്, നാം എല്ലാവരും ശിക്ഷ വിധിക്കപ്പെട്ടവരായി ജനിച്ചവരാണ്(3:18). ജനിക്കുന്നതിനു മുമ്പേ നാം ആദാമിൽ ശിക്ഷ വിധിക്കപ്പെട്ടിരുന്നു. ആറായിരം വർഷം മുമ്പ് ആദാം ശിക്ഷ വിധിക്കപ്പെട്ടപ്പോൾ നാം അവനിൽ ശിക്ഷ വിധിക്കപ്പെട്ടു. ജനിച്ചതിനു മുമ്പേ ശിക്ഷ വിധിക്കപ്പെട്ടവരായതുകൊണ്ട് നാം ശിക്ഷാവിധിയിൽ ജനിച്ചവരാണ്.

### *f. എല്ലാവരും പാപത്തിൽ മരിക്കുവാനായി ജനിച്ചു*

നാം എല്ലാം പാപത്തിൽ മരിക്കുവാനായി ജനിച്ചവരാണ്(8:21). മനുഷ്യർ ജനിച്ചത് ജീവിക്കുവാനായിട്ടല്ല; അവർ ജനിച്ചത് മരിക്കുവാനാണ്, ഒരു മനുഷ്യൻ ജീവിക്കുന്തോറും മരണത്തോട് അടുത്തുവരുന്നു.

### *g. എല്ലാവരും പാപത്തിന്റെ അടിമത്തത്തിൻ കീഴിൽ*

നാം എല്ലാവരും പാപത്തിന്റെ അടിമത്തത്തിൻ കീഴിലാണെന്ന് 8:13-ൽ നാം കാണുന്നു. ഇതു നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല; ഇത് ആദാമിന്റെ വീഴ്ചയുടെ ഫലമാണ്. ആദാമിന്റെ വീഴ്ച നമ്മെ പാപത്തിന്റെ അടിമത്തത്തിൻകീഴിൽ കൊണ്ടുവന്നു. നാമെല്ലാവരും ആദാമിൽ ജനിച്ചവരായതുകൊണ്ട്, നാമെല്ലാം പാപത്തിന്റെ അടിമത്തത്തിൻ കീഴിലാണ്.

### *h. പുത്രനിൽ വിശ്വസിക്കുന്നതാണ് പാപത്തിൽനിന്ന് സ്വതന്ത്രമാകുവാനുള്ള ഏക മാർഗ്ഗം*

പാപത്തിന്റെ അടിമത്തത്തിൻ കീഴിലായതുകൊണ്ട് നാം എന്തു ചെയ്യണം? ക്രിസ്തുവിനു പുറമേ രക്ഷപ്പെടുവാനുള്ള മാർഗ്ഗമില്ല. ക്രിസ്തുവാണ് നമ്മുടെ മാർഗ്ഗം, നമ്മുടെ ഏക രക്ഷ. പാപത്തിൽനിന്ന് സ്വതന്ത്രരാകുവാനുള്ള നിസ്തുലമാർഗ്ഗം പുത്രനിൽ വിശ്വസിക്കുകയാണ്(8:24,36;3:15-17). ഈ വിശ്വസിക്കൽ ആദാമിൽനിന്ന് ക്രിസ്തുവിലേക്കുള്ള ഒരു മാറ്റം വരുത്തുന്നു. ഇത് അത്ഭുതകരമാണ്. അര സെക്കന്റിനുള്ളിൽ ഒരു പാപിക്ക് ആദാമിലുള്ള പാപകരമായ അവസ്ഥയിൽനിന്ന് ക്രിസ്തുവിലേക്ക് പൂർണമായും മാറ്റപ്പെടുവാൻ കഴിയും.

### *i. പുത്രനിൽ വിശ്വസിക്കാതിരിക്കുന്നതാണ് നാശത്തിനുള്ള ഏക പാപം*

"അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ട്" ആത്മാവ് പാപത്തെക്കുറിച്ച് ലോകത്തിനു ബോധം വരുത്തും എന്ന് 9-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. നാശത്തിനുള്ള ഏക പാപം പുത്രനിൽ വിശ്വസിക്കാതിരിക്കുന്നതാണ് എന്ന് ഇവിടെ നാം കാണുന്നു(3:16). ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റപ്പെടുവാനുള്ള താല്പര്യമില്ലായ്മയാണ് ഇവിടെ പാപം. ആളുകൾ ആദാമിൽ തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനർത്ഥം ക്രിസ്തുവായ പുതിയ മണ്ഡലത്തിലേക്ക് നീങ്ങുവാനല്ല അവർ പഴയ മണ്ഡലത്തിൽ തുടരുവാനാണ് ഇഷ്ടപ്പെടുന്നത് എന്നാണ്. നശിച്ചുപോകുവാൻ നിങ്ങൾ പാപം ചെയ്യേണ്ട ആവശ്യമില്ല. കർത്താവായ യേശുവിൽ വിശ്വസിക്കാതിരുന്നാൽതന്നെ, നശിച്ചുപോകുവാനായി നിങ്ങൾ യോഗ്യത നേടിക്കഴിഞ്ഞു. നിങ്ങൾ ഒരു ബാങ്കു കൊള്ളയടിക്കുകയോ നിങ്ങളുടെ ഭർത്താവിനെ വഞ്ചിക്കുകയോ നിങ്ങളുടെ മാതാപിതാക്കന്മാരോട് കള്ളം പറയുകയോ ചെയ്യേണ്ട ആവശ്യമില്ല. നിങ്ങൾ ഒരു മാന്യവ്യക്തിയായിരിക്കാം; എന്നാൽ കർത്താവായ യേശുവിൽ വിശ്വസിക്കാതിരിക്കുന്നിടത്തോളം, നിങ്ങൾ നാശത്തിന് വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ പാപകരമായ അവസ്ഥയിൽനിന്ന് രക്ഷപ്പെടുവാനുള്ള ഏക മാർഗ്ഗം കർത്താവിൽ വിശ്വസിക്കുക എന്നതാണ്; നശിച്ചുപോകുവാനായി നിങ്ങളെ യോഗ്യനാക്കുന്ന നിസ്തുല പാപം അവനിൽ വിശ്വസിക്കാതിരിക്കുന്നതാണ്. അതുകൊണ്ട് നാം വിശ്വസിക്കുന്നുവോ ഇല്ലയോ എന്നതാണ് ഇന്ന് താക്കോൽ. വിശ്വസിക്കുന്നുവെങ്കിൽ, നാം ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റപ്പെടും. എന്നാൽ നാം വിശ്വസിക്കുന്നില്ലെങ്കിൽ, നാം നശിച്ചുപോകും.

## *2. നീതിയെ സംബന്ധിച്ച്*

### *a. ദൈവത്തിന്റെ നീതിപൂർവ്വകമായ ആവശ്യങ്ങൾ നിറവേറ്റുവാൻ പുത്രൻ വരികയും മരിക്കുകയും ചെയ്തിരിക്കുന്നു*

ദൈവത്തിന്റെ നീതിപൂർവ്വകമായ ആവശ്യങ്ങൾ നിറവേറ്റുവാൻ ദൈവത്തിന്റെ പുത്രൻ വരികയും മരിക്കുകയും ചെയ്തിരിക്കുന്നു(3:14). ദൈവത്തിന്റെ നീതിപൂർവ്വകമായ ആവശ്യങ്ങൾ നിറവേറ്റുവാൻ അവൻ ജഡത്തിൽ വരികയും ഒരു സർപ്പത്തിന്റെ രൂപത്തിൽ ക്രൂശിന്മേൽ മരിക്കുക പോലും ചെയ്തു.

### *b. പുത്രൻ പുനരുത്ഥാനം ചെയ്യുകയും പിതാവിന്റെ സംതൃപ്തിയുടെ തെളിവായി പിതാവിന്റെ അടുക്കലേക്ക് പോവുകയും ചെയ്തിരിക്കുന്നു*

"ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട്, നീതിയെക്കുറിച്ച്"ആത്മാവ് ലോകത്തിന് ബോധം വരുത്തും എന്ന് 10-ാം വാക്യ

ത്തിൽ കർത്താവ് പറഞ്ഞു. ക്രൂശിന്മേലുള്ള കർത്താവിന്റെ വീണ്ടെടുപ്പിൻ മരണത്തിൽ പിതാവ് പൂർണ്ണ സംതൃപ്തനായി എന്നും പുനരുത്ഥാനത്തിൽ അവനെ സ്വീകരിച്ചുവെന്നുമാണ് ഇതിനർത്ഥം. ക്രിസ്തുവിന്റെ വീണ്ടെടുപ്പിൽ പിതാവ് സംതൃപ്തനായി എന്നതിന്റെ തെളിവ് പിതാവ് അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതും തന്റെ വലത്തുഭാഗത്തേക്ക് അവനെ ഉയർത്തിയതും ആണ്. ക്രിസ്തുവിന്റെ വീണ്ടെടുപ്പ് ദൈവത്തെ സംതൃപ്തനാക്കിയെന്നും ദൈവത്തിന്റെ എല്ലാ അവകാശപ്പെടലുകളും ആവശ്യങ്ങളും നിറവേറ്റിയെന്നും സമർത്ഥിക്കുന്ന തെളിവുകളാണ് അവന്റെ പുനരുത്ഥാനവും ആരോഹണവും. അതുകൊണ്ട്, സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുവാനായി മരണത്തിൽനിന്ന് അവൻ വിടുവിക്കപ്പെട്ടു. ഇപ്പോൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുന്നതിൽ ദൈവത്തിന്റെ നീതി വെളിപ്പെട്ടിരിക്കുന്നു(റോമ.3:26). പാപികൾ ക്രിസ്തുവിൽ വിശ്വസിക്കുമെങ്കിൽ, ദൈവം അവരെ നീതീകരിക്കും, കാരണം ക്രിസ്തുതന്നെ അവരുടെ നീതിയായിത്തീരും. ആത്മാവ് ലോകത്തിന് ബോധ്യം വരുത്തുന്ന രണ്ടാമത്തെ കാര്യം ഇതാണ്.

ഇവിടെ ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കുന്നു: നാം നീതീകരിക്കപ്പെട്ടത് ക്രിസ്തുവിന്റെ മരണത്താലോ, അതോ പുനരുത്ഥാനത്താലോ? നാം നീതീകരിക്കപ്പെട്ടത് അവന്റെ പുനരുത്ഥാനത്താലാണ്. റോമർ 4:24-ഉം 10:9-ഉം ഇത് തെളിയിക്കുന്നു. റോമർ 4:24"നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്നു"എന്നു പറയുന്നു; 10:9,"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും"എന്നു പറയുന്നു. കർത്താവ് നിങ്ങൾക്കുവേണ്ടി മരിച്ചുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ, അഥവാ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? തീർച്ചയായും രണ്ടിലും നിങ്ങൾ വിശ്വസിക്കുന്നു; എന്നാൽ കർത്താവ് നമുക്കുവേണ്ടി മരിച്ചുവെന്ന് നാം വിശ്വസിക്കണമെന്ന് പ്രസ്താവിക്കുന്ന ഒരു വാക്കും തിരുവെഴുത്തുകളിൽ എഴുതപ്പെട്ടിട്ടില്ല എന്നറിഞ്ഞാൽ നിങ്ങൾ അതിശയിച്ചേക്കും. പിന്നെയോ, ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു നാം വിശ്വസിക്കണം; കാരണം നാം കർത്താവ് മരിച്ചുവെന്ന് വിശ്വസിക്കുകയും അതേസമയം അവൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു എന്നു വിശ്വസിക്കാതിരിക്കുകയും ചെയ്തേക്കാം. കർത്താവ് മരിച്ചവരിൽനിന്ന് ഉയിർത്തുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ അത് തീർച്ചയായും അവന്റെ മരണത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെ സൂചിപ്പിക്കുന്നു. കർത്താവ് മരിച്ചുവെന്ന് എല്ലാവരും വിശ്വസിക്കുന്നു, എന്നാൽ കർത്താവ് പുനരുത്ഥാനം ചെയ്തു എന്നു വിശ്വസിക്കുവാൻ വെളിപ്പാട് ആവശ്യമാണ്. പുനരുത്ഥാനം ചെയ്തവനായ അവനിൽ

നാം ദൈവമുമ്പാകെ സ്വീകരിക്കപ്പെടുന്നു. കൂടാതെ, പുനരുത്ഥാനം
ചെയ്തവനെന്ന നിലയിൽ, ദൈവത്തിന് നീതീകരിക്കുവാൻ കഴിയു
ന്നതും ദൈവത്തിന് എല്ലായ്പ്പോഴും സ്വീകാര്യവുമായ ഒരു ജീവിതം
നമുക്കുവേണ്ടി ജീവിക്കുവാൻ അവൻ നമ്മിലും ഉണ്ട്. അതുകൊണ്ട്,
നമ്മുടെ നീതീകരണത്തിനായി അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന്
റോമർ 4:24 പറയുന്നു. നീതീകരണത്തിൽ, ദൈവം ക്രിസ്തുവിനെ
ഉയിർപ്പിക്കുകയും അവനെ സ്വീകരിക്കുകയും അവന്റെ വീണ്ടെടുപ്പിൻ
മരണത്തിൽ സംതൃപ്തനാകുകയും ചെയ്തു എന്ന വസ്തുത അട
ങ്ങിയിരിക്കുന്നു.

### *c. പുത്രനെ നീതിയായി വിശ്വാസികൾക്ക് നൽകിയിരിക്കുന്നു*

ഇപ്പോൾ പുത്രനെ നീതിയായി വിശ്വാസികൾക്ക് നൽകിയിരി
ക്കുന്നു. സംതൃപ്തനാക്കുന്ന പുത്രൻ, സ്വീകരിക്കപ്പെട്ട പുത്രൻ, പിതാ
വിനെ സംതൃപ്തനാക്കുകയും അവൻ സ്വീകരിക്കുകയും ചെയ്തിരി
ക്കുന്ന പുത്രൻ, വിശ്വാസികൾക്ക് തങ്ങളുടെ നീതിയായി നല്കപ്പെ
ട്ടിരിക്കുന്നു. പുത്രൻ തന്നെയാണ് ഇപ്പോൾ നമ്മുടെ നീതി. അവൻ
തന്നെ നമ്മുടെ നീതിയായിത്തീരണം എന്നതുമൂലം(1 കൊരി.1:30),
"കർത്താവ് നമ്മുടെ നീതി"എന്ന് അവൻ വിളിക്കപ്പെടും എന്ന് യിരെ
മ്യാവ് 23:6-ൽ പ്രവചിച്ചിരിക്കുന്നു.

### *d. വിശ്വാസികൾ പുത്രനിൽ നീതീകരിക്കപ്പെടുന്നു*

വിശ്വാസികൾ പുത്രനിലും തങ്ങളുടെ നീതിയായ പുത്രനോടു
കൂടെയും നീതീകരിക്കപ്പെടുന്നു. വിശ്വാസികൾക്ക് പുത്രനെ തങ്ങ
ളുടെ നീതിയായി നൽകിയിരിക്കുന്നതുകൊണ്ട്, അവർ ദൈവമു
മ്പാകെ അവനിൽ നീതീകരിക്കപ്പെടുന്നു. നമ്മുടെ നീതിയായ പുത്ര
നിൽ മാത്രമാണ് ദൈവം നമ്മെ നീതീകരിക്കുന്നത്.

### *e. പാപത്തിന്റെ ഉറവിടമായ പിശാചിൽനിന്ന് വിശ്വാസികൾ സ്വതന്ത്രരാക്കപ്പെടുന്നു*

പാപത്തിന്റെ ഉറവിടമായ പിശാചിൽനിന്ന് വിശ്വാസികൾ സ്വത
ന്ത്രരാക്കപ്പെട്ടിരിക്കുന്നു. പിശാചാണ് പാപത്തിന്റെ ഉറവിടം; ജഡ
ത്തിൽ പുത്രൻ പിശാചിനെ ക്രൂശിന്മേൽ തകർത്തു(എബ്രാ.2:14). പുത്ര
നിൽ വിശ്വസിക്കുന്നതിനാൽ നാം പാപത്തിന്റെ ഉറവിടത്തിൽനിന്ന്
സ്വതന്ത്രരാക്കപ്പെടുന്നു.

## **3. ന്യായവിധിയെ സംബന്ധിച്ച്**

### *a. ന്യായവിധി പാപത്തിനു കാരണഭൂതനും മരണത്തിന്റെ ആരംഭവും സകല പാപികളുടെയും പിതാവും ലോകത്തിന്റെ അധിപതിയും ആയ പിശാചിനുവേണ്ടി*

"ഈ ലോകത്തിന്റെ അധിപതി വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്

ന്യായവിധിയെക്കുറിച്ചും" ആത്മാവ് ലോകത്തിനു ബോധം വരുത്തും എന്ന് 11-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ന്യായവിധി സാത്താനുമായി ബന്ധപ്പെട്ടതാണ് എന്നു നാം കണ്ടു. സാത്താൻ, പിശാച്, പാപത്തിനു കാരണഭൂതനും മരണത്തിന്റെ ആരംഭവും സകല പാപികളുടെയും പിതാവും ലോകത്തിന്റെ അധിപതിയും ആണ്. ആ നിലയിൽ, ന്യായവിധി അവനുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നു. ന്യായവിധി മനുഷ്യനുവേണ്ടിയല്ല, സാത്താനുവേണ്ടിയാണ് എന്നും നാം തിരിച്ചറിയണം. മനുഷ്യനെ വിധിക്കുക എന്നത് ദൈവോദ്ദേശ്യമല്ല, കാരണം ദൈവത്തിന്റെ ന്യായവിധി സാത്താനുവേണ്ടിയുള്ളതാണ്. സാത്താന്റെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയായിട്ടാണ് തീപ്പൊയ്ക ഒരുക്കപ്പെട്ടിട്ടുള്ളത്; അത് ഒരിക്കലും മനുഷ്യന് ഉദ്ദേശിച്ചുള്ളതല്ലായിരുന്നു. തീപ്പൊയ്ക സാത്താനുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്നതാണ് എന്നു തെളിയിക്കുന്ന വാക്യങ്ങൾ ഏവ? വെളിപ്പാട് പുസ്തകം ഇത് നമ്മോട് വ്യക്തമായി പറയുന്നില്ല; എന്നാൽ മത്തായിയുടെ പുസ്തകം പറയുന്നു."ശപിക്കപ്പെട്ടവരേ, എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുക," എന്ന് രാജാവ് തന്റെ ജനത്തോട് പറയുമെന്ന് മത്തായി 25:41-ൽ കർത്താവ് പറഞ്ഞു. നിത്യാഗ്നി മനുഷ്യർക്കുവേണ്ടി ഒരുക്കപ്പെട്ടതായിരുന്നുവോ? അല്ല, അത് പിശാചായ സാത്താനും അവന്റെ അനുയായികളായ ദൂതന്മാർക്കും വേണ്ടി ഒരുക്കപ്പെട്ടതാണ്. എന്നാൽ ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് വരുവാൻ നിങ്ങൾ വിസമ്മതിച്ചാൽ, നിങ്ങൾ സാത്താനുവേണ്ടിയുള്ള ന്യായവിധിയിൽ പങ്കുകാരാകും, കാരണം അവന്റെ അനുയായികളിൽ ഒരുവനായിരിക്കുവാൻ നിങ്ങൾ ഏറെ താല്പര്യപ്പെടുന്നു.

### *b) ക്രൂശിന്മേൽ ക്രിസ്തുവിന്റെ ജഡത്തിൽ ഈ അധിപതി ന്യായം വിധിക്കപ്പെടുന്നു*

ലോകത്തിന്റെ അധിപതിയായ സാത്താൻ ക്രൂശിന്മേൽ ക്രിസ്തുവിന്റെ ജഡത്തിൽ ന്യായം വിധിക്കപ്പെട്ടിരിക്കുന്നു(12:31–33; 3:14). മനുഷ്യപുത്രൻ എന്ന നിലയിൽ (12:23) കർത്താവ്, ക്രൂശിന്മേൽ സർപ്പത്തിന്റെ രൂപത്തിൽ (3:14)അതായത്,"പാപജഡത്തിന്റെ സാദൃശ്യത്തിൽ"ഉയർത്തപ്പെട്ടു (റോമർ 8:3). ഈ ലോകത്തിന്റെ അധിപതിയായ സാത്താൻ പഴയ സർപ്പമെന്ന നിലയിൽ (വെളി.12:9;20:2), തന്നെത്തന്നെ മനുഷ്യന്റെ ജഡത്തിലേക്ക് സന്നിവേശിപ്പിച്ചു. പാപജഡത്തിന്റെ സാദൃശ്യത്തിൽ, ക്രൂശിന്മേലുള്ള തന്റെ മരണത്തിലൂടെ കർത്താവ് മനുഷ്യന്റെ ജഡത്തിലുള്ള സാത്താനെ തകർത്തു(എബ്രാ.2:14). ഇപ്രകാരം സാത്താനെ ന്യായംവിധിച്ചതിലൂടെ (16:11), സാത്താനെ ആശ്രയിക്കുന്ന ലോകത്തെയും കർത്താവ് ന്യായംവിധിച്ചു. അതുകൊണ്ട്, കർത്താവ് ഉയർത്തപ്പെട്ടത് ലോകം ന്യായംവിധിക്കപ്പെടുവാനും അതിന്റെ അധിപതിയായ സാത്താൻ പുറന്തള്ളപ്പെടുവാനും ഇടയാക്കി.

### *c) പുത്രനിൽ വിശ്വസിക്കാത്ത ഏതൊരു പാപിയും സാത്താനോടൊപ്പം ആയിരിക്കുകയും അവന്റെ ന്യായവിധിയിൽ പങ്കുപറ്റുകയും ചെയ്യും*

തീപ്പൊയ്ക മനുഷ്യനുവേണ്ടിയല്ല, സാത്താനുവേണ്ടിയാണ് എന്ന് നാം കണ്ടു. പുത്രനിൽ വിശ്വസിക്കാത്ത ഏതൊരു പാപിയും പിശാചിനോടൊത്ത് ആയിരിക്കുകയും അവന്റെ ന്യായവിധി വഹിക്കുകയും ചെയ്യും. നിങ്ങൾ സാത്താനോടൊത്ത് പോവുകയും അവന്റെ കൂട്ടാളികളിൽ ഒരുവനായിരിക്കുകയും ചെയ്താൽ നിങ്ങൾ അവനോടൊപ്പം തീപ്പൊയ്കയിൽ ആയിരിക്കും. ദൈവം ലോകത്തെ സ്നേഹിക്കുന്നു; ഒരു മനുഷ്യനെയും തീപ്പൊയ്കയിലേക്ക് എറിയുവാൻ ആഗ്രഹിക്കുന്നുമില്ല. ആ ന്യായവിധി പിശാചിനെ ഉദ്ദേശിച്ചുള്ളതാണ്. എന്നിരുന്നാലും, ആരെങ്കിലും സാത്താന്റെ കൂട്ടാളിയായിരുന്നാൽ, സാത്താന്റെ ന്യായവിധി സഹിക്കുവാൻ അവനെ അനുവദിക്കുകയല്ലാതെ ദൈവത്തിന് മറ്റു മാർഗ്ഗമില്ല.

പാപം, നീതി, ന്യായവിധി എന്നീ മൂന്ന് കാര്യങ്ങൾ സുവിശേഷത്തിന്റെ ഒരു രേഖാചിത്രമാണ്. നാം ആദാമിൽ പാപികളാണെന്നും, എന്നാൽ ക്രിസ്തുവിൽ നമുക്ക് നീതിയുള്ളവരും ന്യായീകരിക്കപ്പെട്ടവരും ആകുവാൻ കഴിയും എന്നുമാണ് സുവിശേഷം. ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റപ്പെടുവാൻ നാം മനസ്സുള്ളവരല്ലെങ്കിൽ, സാത്താനോടൊത്ത് ന്യായവിധി പങ്കിടുമെന്ന മുന്നറിയിപ്പ് നാം കേൾക്കണം. അതായത്, നിങ്ങൾ ആദാമിൽ ജനിച്ചു. എന്നാൽ ദൈവത്തിന്റെ ഉദ്ദേശ്യം നിങ്ങളെ ആദാമിൽ നിന്നെടുത്ത്, ക്രിസ്തുവിലേക്ക് മാറ്റുക എന്നതാണ്. ദൈവത്തിന്റെ ഉദ്ദേശ്യത്തോട് നിങ്ങൾ വിയോജിച്ചാൽ, നിങ്ങൾ ആദാമിൽ തുടരുകയും സാത്താനോടൊത്ത് ന്യായവിധി പങ്കിടുകയും വേണം. പാപം ആദാമിൽ നിന്നുള്ളതും, നീതി ക്രിസ്തുവിൽ നിന്നുള്ളതും, ന്യായവിധി സാത്താനുവേണ്ടിയും ആണ്. ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് മാറ്റപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ന്യായവിധിയോട് യാതൊരു ബന്ധവുമില്ലാതെ നിങ്ങൾ രക്ഷിക്കപ്പെടും. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയിൽ ഈ മൂന്ന് കാര്യങ്ങൾ ഉൾപ്പെടുന്നു. ഓരോ തവണ സുവിശേഷം പ്രസംഗിക്കുമ്പോഴും ജനത്തോട് നാം ഇവയെക്കുറിച്ച് പറയണം. രക്ഷിക്കപ്പെടുവാനായി അനുതപിക്കുവാനും കർത്താവായ യേശുവിൽ വിശ്വസിക്കുവാനും പാപികൾക്ക് പരിശുദ്ധാത്മാവ് ബോധം വരുത്തുന്നതായ സുവിശേഷം ഇതാണ്.

സഹോദരൻ നീയോടും പ്രധാനപ്പെട്ട കൂട്ടുവേലക്കാരോടും കൂടെ ഷാങ്ഹായിൽ താമസിക്കുവാൻ 1933-ൽ എനിക്ക് നിർദ്ദേശം ലഭിച്ചു. ഒരു ദിവസം യോഹന്നാൻ 16 വായിക്കുമ്പോൾ പാപം, നീതി, ന്യായവിധി എന്നിവ ആദാം, ക്രിസ്തു, സാത്താൻ എന്നീ മൂന്നു വ്യക്തികളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു ഞാൻ കണ്ടു. കുറച്ചുനാൾ

കഴിഞ്ഞ് ഷാങ്ഹായിലെ സഭ ഒരു സുവിശേഷപ്രസംഗയോഗം നടത്തുകയും ദൂത് നൽകുവാൻ എന്നോട് നിർദ്ദേശിക്കുകയും ചെയ്തു. സുവിശേഷപ്രസംഗത്തിന്റെ കാര്യത്തിൽ ഞാൻ എവിടെ നിൽക്കുന്നു എന്നു കാണുവാൻ സഹോദരൻ നീയിൽ നിന്നുള്ള ഒരു ചെറിയ പരിശോധനയായിരുന്നു ആ ക്ഷണമെന്ന് ഞാൻ പിന്നീട് അറിഞ്ഞു. ആ യോഗത്തിൽ ഈ മൂന്ന് വ്യക്തികളോട് ബന്ധപ്പെട്ട മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് ഒരു ദൂത് നൽകുവാൻ എനിക്ക് ഭാരമുണ്ടായി. മീറ്റിംഗ് ഹാളിൽ ഞാൻ കണ്ണോടിച്ചപ്പോൾ സഹോദരൻ നീയെ ഞാൻ കണ്ടില്ല. ദൂത് ശ്രദ്ധിച്ചുകൊണ്ട് മീറ്റിംഗ് ഹാളിന്റെ വാതിലിനു പുറകിൽ അദ്ദേഹം നിന്നിരുന്നു എന്ന് കുറച്ചുകാലം കഴിഞ്ഞ് ഞാൻ അറിഞ്ഞു. പ്രസംഗിക്കുമ്പോൾ, ഈ മൂന്ന് കാര്യങ്ങൾ നിമിത്തം വളരെ ആവേശഭരിതനായി ഞാൻ ജനത്തോട് പറഞ്ഞു, “മനുഷ്യരെന്ന നിലയിൽ നിങ്ങൾ ആദാമിൽ ജനിച്ചു. ഇന്ന് നിങ്ങളുടെ പേര് ആദാം എന്നാണ്. ആദാമിൽ നിങ്ങൾ പാപം ചെയ്തവരും കുറ്റം വിധിക്കപ്പെട്ടവരുമാണ്. എന്നാൽ മറ്റൊരു വ്യക്തിയുണ്ട്-ക്രിസ്തു. നിങ്ങളെ ദൈവം നീതീകരിക്കുന്നതിന് ആദാമിന് പുറത്ത് വന്ന് ക്രിസ്തുവിലേക്ക് കടക്കുവാൻ നിങ്ങൾക്ക് ഒരു മാർഗ്ഗമുണ്ട്. നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ അവനിലേക്ക് പ്രവേശിക്കും. നിങ്ങൾ ഒന്നാമത്തെ വ്യക്തിയിൽനിന്ന് രണ്ടാമത്തെ വ്യക്തിയിലേക്ക് മാറ്റപ്പെടും. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ ഒന്നാമത്തെ വ്യക്തിയിൽതന്നെ ആയിരിക്കുകയും ഒടുവിൽ നിങ്ങളുടെ വിധി മൂന്നാമത്തെ വ്യക്തിയായ സാത്താന്റെ വിധി ആയിത്തീരുകയും ചെയ്യും. ന്യായവിധി സാത്താനുവേണ്ടി ഒരുക്കപ്പെട്ടതാണ്. നിങ്ങൾ അവനെ സഹായിക്കുവാൻ പോവുകയാണോ? നിങ്ങൾ അവനോട് സഹതാപം കാണിക്കുവാൻ ഒരുങ്ങുകയാണോ? നിത്യതയിൽ ന്യായവിധി സഹിക്കുന്നതിൽ നിങ്ങൾ അവനെ സഹായിക്കുവാൻ ഒരുങ്ങുകയാണോ?” യോഹന്നാൻ 16-ലെ ഈ കാര്യങ്ങളെ സംബന്ധിച്ച വെളിച്ചം കണ്ടുകഴിഞ്ഞ് വൈകാതെ ഞാൻ നൽകിയ ദൂത് ഇതായിരുന്നു. ഈ ദൂത് നൽകുമ്പോൾ, എനിക്കുതന്നെ പൂർണ്ണമായും പോഷണം ലഭിച്ചു. കുറച്ചുകാലം കഴിഞ്ഞ് സഹോദരൻ നീ എന്നോട് ഈ ദൂതിനെ സംബന്ധിച്ച് സംസാരിക്കുകയും,“വിറ്റ്നസ്സ്, ആ ദൂത് വളരെ നന്നായിരുന്നു”എന്നു പറയുകയും ചെയ്തു. ഏത് ദൂത് എന്ന് ഞാൻ ചോദിച്ചപ്പോൾ, ആദാം, ക്രിസ്തു, സാത്താൻ എന്നിവരെ സംബന്ധിച്ച ദൂത് എന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ട് നീ സഹോദരൻ എന്നോട് പറഞ്ഞു,“വിറ്റ്നസ്സ്, യോഹന്നാൻ 16:8-11-ൽ പാപം ആദാമിനോടും നീതി ക്രിസ്തുവിനോടും ന്യായവിധി സാത്താനോടും ബന്ധപ്പെട്ടിരിക്കുന്നു എന്ന് ആരുംതന്നെ കണ്ടിട്ടില്ല.”ഇതാണ് സുവിശേഷം. സഭകൾ പോകുന്നിടത്തെല്ലാം ഇത് പ്രസംഗിക്കപ്പെടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.